**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2351** **30-09-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ എത്ര മാവേലി സ്റ്റോറുകളാണ് നിലവിൽ പ്രവർത്തിക്കുന്നതെന്നും എതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ 6 മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ച് വരുന്നത്. ആയവ ചുവടെ ചേർക്കുന്നു.<br>1. കുണ്ടറ മാവേലി സ്റ്റോർ<br>2. പെരുമ്പുഴ മാവേലി സ്റ്റോർ<br>3. കുളപ്പാടം മാവേലി സ്റ്റോർ<br>4. കേരളപുരം മാവേലി സ്റ്റോർ<br>5. പേരയം മാവേലി സ്റ്റോർ<br>6. കുറ്റിച്ചിറ മാവേലി സ്റ്റോർ |
| (ബി) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോറുകൾ എത്രയെണ്ണമുണ്ട്; ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് നൽകാമോ; | (ബി) | കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ ഇളമ്പള്ളൂർ പഞ്ചായത്തിൽ ആലുമ്മൂട് എന്ന സ്ഥലത്ത് പുതിയ മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തന ഉദ്ഘാടനം 03.10.2025 തീയതിയിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കുണ്ടറ മണ്ഡലത്തിലെ പേരയം പഞ്ചായത്തിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പേരയത്ത് മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പേരയം പഞ്ചായത്തിൽ മാവേലി സ്റ്റോർ തുടങ്ങുന്നതിന് ലഭ്യമായ കെട്ടിടം നിലവിലുള്ള മാവേലി സ്റ്റോറിന് സമീപത്ത് ആയതിനാൽ പ്രസ്തുത മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതാണ് ഉചിതമെന്ന് കാണുന്നു. ഉചിതമായ മറ്റൊരു കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ